# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5847

30.07.2015-ൽ മറുപടിക്ക്

## ഉഷ മുരളിയുടെ അപേക്ഷ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സാജു പോൾ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ കുറുപ്പംപടി സർവ്വീസ് സഹകരണ ബാങ്കിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് ശ്രീമതി ഉഷ മുരളി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | (എ) സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ സ്വീകരിച്ച നടപടി അറിയിക്കുമോ? | (ബി) 1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 188 എ ക്ലോസ് (ബി)യിലെ വ്യവസ്ഥ പ്രകാരം ആശ്രിതനിയമനത്തിന് ജീവനക്കാരൻ മരണമടഞ്ഞ് ഒരു വർഷത്തിനകമോ ആശ്രിതൻ പ്രായപൂർത്തി യാകാത്തത് ആണെങ്കിൽ പ്രായപൂർത്തിയായി 3 വർഷത്തിനകമോ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ശ്രീമതി. കെ.ആർ. ഉഷ പ്രസ്തുത കാലാവധി കഴിഞ്ഞാണ് അപേക്ഷ സമർപ്പിച്ചത്. മേൽ സാഹചര്യത്തിൽ ആശ്രിത നിയമന അനുമതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസത്തിനുള്ള കാരണം സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ